ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.07.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ച് കേന്ദ്ര സർക്കാർ. സമ്മേളനം ഈ മാസം 21ന് ആരംഭിക്കും.

   **Government Calls All-Party Meeting on Sunday Ahead of Parliament's Monsoon Session Starting July 21.**

2. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഇന്ത്യ ശക്തമായി തുടരുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **India Will Relentlessly Pursue Justice Against Perpetrators of Pahalgam Terror Attack, says EAM S. Jaishankar.**

3. ഐക്യരാഷ്ട്ര സംഘടനാ സമാധാനപാലകർക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ നീതി ഉറപ്പാക്കണമെന്ന് ആവർത്തിച്ച് ഇന്ത്യ.

   **India Reiterates Call for Justice in Crimes Against UN Peacekeepers.**

4. പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച രണ്ടാമത്തെ രോഗിയുടെ പുതുക്കിയ റൂട്ട് മാപ്പ് പുറത്തിറക്കി. അതിർത്തി മേഖലയിൽ പരിശോധന കർശനമാക്കി തമിഴ്നാട് ആരോഗ്യവകുപ്പ്.

   **Revised Route Map of Second Nipah Case Released in Palakkad; Tamil Nadu Tightens Border Screening.**

5. കേരളത്തിൽ വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy Rain Likely in Kerala in Coming Days: IMD; Fishing Banned off Kerala-Karnataka-Lakshadweep Coasts Till July 19.**

6. ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും.

**India-England Women's ODI Series Begins Today.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GOVT - ALL PARTY MEETING

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു. പാർലമെൻറിൻറെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## EAM JAISANKAR

ജമ്മു കശ്മീരിൻറെ ടൂറിസം സമ്പദ്‌വ്യവസ്ഥയെ തകർക്കാനും മതപരമായ ഭിന്നത സൃഷ്ടിക്കാനുമായി പഹൽഗാമിൽ മനഃപൂർവ്വം ഭീകരാക്രമണം നടത്തുകയായിരുന്നെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ചൈനയിലെ ടിയാൻജിനിൽ നടന്ന SCO വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തീവ്രവാദം, വിഘടനവാദം എന്നിവക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കാൻ ലോകരാജ്യങ്ങൾ തയ്യാറാകണമെന്ന് ശ്രീ ജയ്ശങ്കർ പറഞ്ഞു. ജമ്മു കശ്മീർ ആക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഇന്ത്യ ശക്തമായി തുടരുമെന്നും വിദേശകാര്യമന്ത്രി വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CDS - OPERATION SINDOOR(INTRO)

ഓപ്പറേഷൻ സിന്ദൂറിനിടെ പാകിസ്ഥാൻറെ ഡ്രോൺ ആക്രമണം മൂലം ഇന്ത്യൻ സൈന്യത്തിനോ പൊതു അടിസ്ഥാന സൗകര്യങ്ങൾക്കോ ഒരു നാശനഷ്ടവും ഉണ്ടായിട്ടില്ലെന്ന് സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ. ന്യൂഡൽഹിയിൽ, ആളില്ലാ വ്യോമ വിമാനം, തദ്ദേശീയമായി വികസിപ്പിച്ച ഡ്രോൺ പ്രതിരോധ സാങ്കേതികവിദ്യ എന്നിവയെ കുറിച്ചുള്ള ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യോമ പ്രതിരോധ സംവിധാനങ്ങൾ തദ്ദേശീയമായി വികസിപ്പിക്കേണ്ട

തിൻറെ പ്രാധാന്യം ഓപ്പറേഷൻ സിന്ദൂറിൻറെ അവസരത്തിൽ വ്യക്തമായതായി ജനറൽ ചൗഹാൻ പറഞ്ഞു.

(വോയിസ്....)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## INDIA-UN PEACEKEEPING

ഐക്യരാഷ്ട്ര സംഘടനാ സമാധാനപാലകർക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ നീതി ഉറപ്പാക്കണമെന്ന് ആവർത്തിച്ച് ഇന്ത്യ. അപകടകര മായ മേഖലകളിൽ സേവനമനുഷ്ഠിക്കുമ്പോൾ സമാധാനപാലകർ ഗുരുതര മായ ഭീഷണികൾ നേരിടുന്നു, എന്നാൽ അവർക്കെതിരായ മിക്ക കുറ്റകൃത്യ ങ്ങളും ശിക്ഷിക്കപ്പെടാതെ പോകുന്നതായി ഐക്യരാഷ്ട്ര സംഘടനയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് പറഞ്ഞു. ഐക്യരാഷ്ട്ര സംഘടന യുടെ ഉന്നത തല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SC - POLITICAL PARTY

വോട്ട് നേടുന്നതിനായി രാഷ്ട്രീയ പാർട്ടികൾ പ്രാദേശികതയും മതവും ഉപയോഗിക്കുന്നത് അപകടകരമാണെന്ന് സുപ്രീം കോടതി. ഇത്തരം പ്രവണതകൾ ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയാണെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഓൾ ഇന്ത്യ മജ്‌ലിസ്-ഇ-ഇത്തേഹാദുൽ മുസ്‌ലിമീൻ - ൻറെ രജിസ്ട്രേഷൻ റദ്ദാക്കണമെന്ന ഹർജി തള്ളിക്കൊണ്ടായിരുന്നു സുപ്രീംകോടതിയുടെ പരാമർശങ്ങൾ.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NIPAH

പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച രണ്ടാമത്തെ രോഗിയുടെ പുതുക്കിയ റൂട്ട് മാപ്പ് പുറത്തിറക്കി. റൂട്ട് മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലും സമയങ്ങളിലും സന്നിഹിതരായിരുന്നവർ എത്രയും പെട്ടെന്ന് നിപ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു. നിലവിൽ നിപാ ലക്ഷണങ്ങളുമായി ആശുപത്രിയിലെത്തുന്നവരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കുന്നുണ്ട്. ഇതിനുപുറമെ മസ്തിഷ്കജ്വരം

ബാധിച്ച് എത്തുന്നവരുടെ സാമ്പിളുകളും പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PALAKKKAD NIPAH (INTRO)

പാലക്കാട് ജില്ലയിൽ വീണ്ടും നിപ സ്ഥിരീകരിച്ചതോടെ അതിർത്തി പ്രദേശങ്ങളിൽ തമിഴ്നാട് ആരോഗ്യവകുപ്പ് പരിശോധന കർശനമാക്കി. കോയമ്പത്തൂർ ജില്ലാ കലക്ടറുടെ നിർദേശപ്രകാരമാണ് ചാവടി ഉൾപ്പെടെ യുള്ള അതിർത്തികളിൽ 24 മണിക്കൂറും പരിശോധന ആരംഭിച്ചത്. വരും ദിവസങ്ങളിലും പരിശോധന തുടരും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..........**

**(VOICE….)**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GEORGE KURIAN

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കോട്ടയത്ത് ഉദ്ഘാടനം ചെയ്യും. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി. പിഎം വികാസ് പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിലെ 450 ഉദ്യോഗാർഥികൾക്കുള്ള പരിശീലന പദ്ധതിയുടെ ചുമതല കോട്ടയം IIIT-യ്ക്കാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## K RAJAN

കേരളത്തിൽ, ഭൂമി സംബന്ധമായ 14 വിവരങ്ങൾ ഉൾപ്പെടുത്തിയ ഡിജിറ്റൽ റവന്യു കാർഡ് ലഭ്യമാക്കാനുള്ള നടപടികൾ നവംബറിൽ ആരംഭിക്കുമെന്ന് റവന്യു മന്ത്രി കെ. രാജൻ. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന നയത്തിൻറെ ഭാഗമായി കോഴിക്കോട്, താമരശേരി താലൂക്ക് പട്ടയമേള ഓൺലൈനായി ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. ഭൂരഹിതരില്ലാത്ത കേരളം കെട്ടിപ്പടുക്കുന്നത് ലക്ഷ്യമിട്ട്

പരമാവധി മനുഷ്യരെ ഭൂമിയുടെ ഉടമകളാക്കി മാറ്റാനാണ് സർക്കാർ ശ്രമമെന്നും മന്ത്രി പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## AI APPRECIATION DAY

രാജ്യം ഇന്ന് നിർമ്മിത ബുദ്ധി അഭിനന്ദനദിനമായി ആചരിക്കുന്നു. ശാസ്ത്രം, സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിൽ എഐയുടെ പങ്ക് തിരിച്ചറിഞ്ഞ് അതിന്റെ സാധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്യുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. രാജ്യത്ത് ഈ രംഗത്തെ മുന്നേറ്റത്തെ പിന്തുണയ്ക്കുന്നതിനായി, സ്കിൽ ഇന്ത്യ AI പോർട്ടൽ, നാഷണൽ AI സ്കില്ലിംഗ് പ്രോഗ്രാം, AI യൂത്ത് ബൂട്ട്ക്യാമ്പ് തുടങ്ങി നിരവധി സംരംഭങ്ങൾക്ക് കേന്ദ്രസർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയ ങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 ന്. പരിപാടിയുടെ 124 -ാം പതിപ്പാ ണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## JHARKHAND- NAXAL

ജാർഖണ്ഡിലെ, ബൊക്കാറോ ജില്ലയിൽ കാഷിതാൻഡ് വന മേഖലയിൽ പോലീസും നക്സലൈറ്റുകളും തമ്മിൽ ശക്തമായ ഏറ്റുമുട്ടൽ തുടരുന്നു. ഏറ്റുമുട്ടലിൽ കോബ്ര ബറ്റാലിയനിലെ ഒരു സൈനികൻ വീരമൃത്യു വരിച്ചു. തലയ്ക്ക് 25 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച നക്സലൈറ്റ് കുൻവർ മാഞ്ചിയും ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്. പോലീസ്, കോബ്ര ബറ്റാലിയൻ, സിആർപിഎഫ് എന്നിവരുടെ സംയുക്ത സംഘം പ്രദേശത്ത് തിരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## HEALTH MINISTRY - STREET FOOD

സമോസ, ജിലേബി, ലഡ്ഡു തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ മുന്നറിയിപ്പ് ലേബലുകൾ നൽകാൻ നിർദ്ദേശിച്ചതായുള്ള മാധ്യമ റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ആരോഗ്യകരമായ ഭക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പുറപ്പെടുവിച്ച പ്രത്യേക നിർദ്ദേശങ്ങൾ തെറ്റായി വ്യാഖ്യാനിക്കുകയായി രുന്നുവെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇന്ത്യയിലെ സമ്പന്നമായ ഭക്ഷണ സംസ്കാരത്തെ ഇത് ബാധിക്കില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## IND VS ENG WOMEN CRIC

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. സതാംപ്ടണിലെ റോസ് ബൗൾ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 5.30നാണ് മത്സരം. പരമ്പരയിലെ രണ്ടാം മത്സരം ഈ മാസം 19ന് നടക്കും. നേരത്തെ, ഇംഗ്ലണ്ടിനെതിരായ 5 മത്സരങ്ങളടങ്ങിയ ടി20 പരമ്പര ഇന്ത്യ സ്വന്തമാക്കിയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAIN - KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യത യുള്ളതിനാൽ കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## REV. IMD - WEATHER

രാജസ്ഥാൻ, രാജ്യത്തിൻറെ കിഴക്കൻ മേഖല തുടങ്ങിയ ഇടങ്ങളിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജാർഖണ്ഡ്, ബീഹാർ, ഒഡീഷ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങ ളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. എന്നാൽ തമിഴ്നാട്, തീരദേശ

ആന്ധ്രാപ്രദേശ്, യാനം, റായലസീമ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട പ്രദേശ ങ്ങളിൽ നാളെ വരെ ചൂട് തുടരുമെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## IRAN-INDIANS ADVISORY

ഇറാനിലേക്ക് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദ്ദേശം നൽകി ഇറാനിലെ ഇന്ത്യൻ എംബസി. മേഖലയിലെ സുരക്ഷാ ആശങ്കകൾ കണക്കിലെടുത്താണ് നിർദ്ദേശം. നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്ക് നിലവിൽ ലഭ്യമായ വിമാന - ഫെറി സേവന ങ്ങൾ ഉപയോഗിക്കാമെന്നും എംബസി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## TRUMP-TRADE DEAL

അമേരിക്കയും ഇന്തോനേഷ്യയും തമ്മിൽ അടുത്തിടെ ഒപ്പുവച്ച വ്യാപാര കരാറിന് സമാനമായ രീതിയിലാണ് ഇന്ത്യയുമായുള്ള വ്യാപാര കരാറെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. കരാർ പ്രകാരം യുഎസ് ഉൽപ്പന്ന ങ്ങൾ ഇന്തോനേഷ്യയിൽ താരിഫ് രഹിതമായി ഇറക്കുമതി ചെയ്യാം, അതേ സമയം യുഎസിലേക്കുള്ള ഇന്തോനേഷ്യൻ കയറ്റുമതിക്ക് 19 ശതമാനം താരിഫ് ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയുമായും അടിസ്ഥാനപരമായി ഇതേ നിബന്ധനകളാണുള്ളതെന്ന് ട്രംപ് വ്യക്തമാക്കി. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് യു.എസുമായി വ്യാപാര കരാറിലെത്താൻ ഓഗസ്റ്റ് 1 വരെയാണ് സമയപരിധി നിശ്ചയിച്ചിരിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## FATF REPORT

അതിവേഗത്തിലുള്ള ഡിജിറ്റൈസേഷൻ നടക്കുന്ന ലോകത്ത് പണം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകളും കൂടുന്നതായി വ്യക്തമാക്കി Financial Action Task Force. ഭീകരപ്രവർത്തനങ്ങൾക്കായി ഇത്തരത്തിൽ പണം ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും, ഭീകര ധനസഹായ നിരീക്ഷണ ഏജൻസിയായ - FATF പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡